# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3578** **11.12.2018 ൽ മറുപടിയ്ക്ക്**

## ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും അതിജീവിക്കുന്നതിനായുള്ള മുൻകരുതലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മൂലം ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉണ്ടായ മഹാ പ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ 'ജൈവ വൈവിധ്യ ദുരന്ത നിവാരണം മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം' എന്ന മേഖലയ്ക്ക് എല്ലാ തലത്തിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 23.10.2018 ലെ സ.ഉ.(സാധാ) നം 2710/2018/തസ്വഭവ (അനുബന്ധം 1) പ്രകാരം പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ വിവിധ വിഷയാടിസ്ഥാനത്തിലുള്ള ചുമതലകൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കാലാവസ്ഥാവ്യതിയാനം കൃഷിയിലും അനുബന്ധ മേഖലകളിലും വരുത്തുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ കൈക്കൊള്ളുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രളയത്തെ തുടർന്ന് പല സ്ഥലങ്ങളിലേയും മേൽമണ്ണ് ഒലിച്ചുപോവുകയും, മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ പല പ്രദേശങ്ങളിലും എക്കലും മണ്ണും കൂട്ടതലായി വന്നടിഞ്ഞ് കൃഷി ചെയ്യാൻ കഴിയാത്തതായും കണ്ടെത്തിയിട്ടുണ്ട്.<br>പ്രളയത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിന് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് വിളപരിപാലനം, സംരക്ഷണം എന്നിവയുമായി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടീമുകൾ രൂപീകരിച്ചുകൊണ്ട് 14/09/2018-ലെ സ.ഉ(സാധ) നം. 930/2018/കൃഷി (അനുബന്ധം II) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2710/2018/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 23/10/2018**

പരാമർശം:- 1. 29.01.2018 ലെ സ.ഉ (എം.എസ്) നം. 11/2018/ ത.സ്വ.ഭ.വ
2. 02.02.2018 ലെ സ.ഉ (എം.എസ്) നം. 17/2018/ ത.സ്വ.ഭ.വ
3. 14.02.2018 ലെ സ.ഉ (എം.എസ്) നം. 22/2018/ ത.സ്വ.ഭ.വ
4. 19.09.2018 ലെ സ.ഉ (സാധാ) നം. 2462/2018/ ത.സ്വ.ഭ.വ

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകി പരാമർശം നാല് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് തുടർച്ചയായി, വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടും മാർഗനിർദ്ദേശങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടും ചുവടെ വിവരിക്കുന്ന പ്രകാരം സർക്കാർ ഉത്തരവാകുന്നു.

2. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും പരാമർശം ഒന്ന് പ്രകാരമുള്ള മാർഗരേഖ പാലിച്ചും എല്ലാ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പരാമർശം രണ്ട് പ്രകാരമുള്ള മാർഗരേഖ പാലിച്ചും 2019-20 വാർഷിക പദ്ധതി തയ്യാറാക്കി ഡിസംബർ 31-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2019-20 ൽ പ്രധാന പരിഗണന നൽകേണ്ടത് പുതിയ കേരളത്തിന്റെ സൃഷ്ടിക്കാണ്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇത് സംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ടും പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ വേണം 2019-20 വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ഈയൊരു ലക്ഷ്യത്തോടെ വേണം സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ പരിഷ്കരണ ഘട്ടം മുതലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്.

4. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് ശ്രമിക്കണം. ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ സ്പെഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകയ്യെടുക്കേണ്ടതാണ്.

5. മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് 2019-20 ൽ ബന്ധപ്പെട്ട പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണം. അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും ഉള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

6. ജില്ലാപദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ, കഴിവതും വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മുമ്പായി ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി രൂപീകരണത്തിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് ജില്ലാ ആസൂത്രണ സമിതി പുറപ്പെടുവിക്കേണ്ടതാണ്. മഹാപ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വേണം ജില്ലാ ആസൂത്രണ സമിതി നിർദ്ദേശങ്ങൾ നൽകേണ്ടത്.

7. പതിമൂന്നാം പദ്ധതിയിലെ ആദ്യ രണ്ട് വർഷങ്ങളിലെ ഒരു പ്രധാന ഊന്നൽ ആസൂത്രണവും നിർവഹണവും സമയബന്ധിതമാക്കുക എന്നതിനായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. നിർവഹണ ഉദ്യോഗസ്ഥർ പലപ്പോഴും പ്രോജക്ട് ഫോറങ്ങൾ തയ്യാറാക്കുന്നത് അവശ്യവിവരങ്ങൾ ഉൾക്കൊള്ളിക്കാതെയാണ് എന്ന വിമർശനം പരിഹരിക്കുന്നതിനുള്ള ശ്രമം 2019-20-ൽ ഉണ്ടാകണം. ഇക്കാര്യത്തിൽ നിർവഹണ ഉദ്യോഗസ്ഥരും വെറ്റിംഗ് ഓഫീസർമാരും ജില്ലാ ആസൂത്രണ സമിതിയും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

8. മികച്ച പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അവസരമില്ല എന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിമർശനം ഉൾക്കൊണ്ടു കൊണ്ടാണ് ഒട്ടേറെ പുതിയ പ്രോജക്ട് ആശയങ്ങൾ പതിമൂന്നാം പദ്ധതിയിലെ സബ്സിഡി മാർഗരേഖയുടെ ഭാഗമാക്കിയത്. അതുപോലെ നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള അവസരവും ലഭ്യമാക്കി. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ അനുഭവം വ്യക്തമാക്കുന്നത് ഇത്തരത്തിലുള്ള മികച്ച ആശയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് ശ്രമിക്കുന്നില്ല എന്നാണ്. മികച്ച പ്രോജക്ടുകൾ ഏറ്റെടുത്ത് വാർഷിക പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

9. മേഖലാ വകയിരുത്തൽ, പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കൽ എന്നിവയ്ക്ക് പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

10. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ 2018-19 വാർഷിക പദ്ധതിക്ക് അനുവദിച്ച അത്രയും തുക തന്നെ അടുത്ത വർഷത്തേക്ക് ലഭ്യമാകും എന്ന് കണക്കാക്കി 2019-20 വാർഷിക പദ്ധതി ഇപ്പോൾ തയ്യാറാക്കേണ്ടതാണ്. സംസ്ഥാന ബജറ്റ് അവതരണത്തെ തുടർന്ന് യഥാർത്ഥ വിഹിതം എത്രയെന്ന് വ്യക്തമാകുമ്പോൾ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്.

11. ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പുനസംഘാടനം ആവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അത് ചെയ്തിട്ടില്ലെങ്കിൽ അടിയന്തിരമായി

പുനസംഘടിപ്പിച്ച് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടേണ്ടതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ പരാമർശം നാലിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും "ജൈവ വൈവിധ്യ മാനേ ജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

**1.1 ജൈവ വൈവിധ്യ മാനേ ജ്മെന്റ്:-**

1) ജൈവ വൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേ ജ്മെന്റ് കമ്മിറ്റികളെ സഹായിക്കുക
2) ജൈവവൈവിധ്യ പരിപാലനത്തിനുള്ള തദ്ദേശഭരണ സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക
3) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക
4) അധിനിവേശ സസ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക

**11.2 കാലാവസ്ഥാ വ്യതിയാനം:-**

1) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങൾ (Green house Gases) പരമാവധി കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
2) ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന്/ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകൾ ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ ചുവട് പിടിച്ച് പ്രാദേശിക കർമ്മ പദ്ധതിക്ക് രൂപം നൽകുക .
3) പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാനങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.
4) ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.

**11.3 പരിസ്ഥിതി സംരക്ഷണം**

1) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക
2) കാർബൺ ന്യൂട്രൽ തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക
3) പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.

**11.4 ദുരന്ത നിവാരണം:-**

1) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2) ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നൽകിക്കൊണ്ട് ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക

3) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിച്ച തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.

12. വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാന ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് ഇവിടെ നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കൽ | : | ഒക്ടോബർ 25 |
| 2 | ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | ഒക്ടോബർ 25 |
| 3 | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | ഒക്ടോബർ 31 |
| 4 | ഗ്രാമ/വാർഡ്സഭായോഗങ്ങൾക്ക്മുമ്പുള്ള കൂടിയാലോചനകൾ | : | നവംബർ 05 |
| 5 | ഗ്രാമ/വാർഡ് സഭായോഗങ്ങൾ | : | നവംബർ 20 |
| 6 | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം | : | നവംബർ 25 |
| 7 | വികസന സെമിനാർ | : | ഡിസംബർ 01 |
| 8 | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | : | ഡിസംബർ 05 |
| 9 | പ്രോജക്ടുകൾ തയ്യാറാക്കൽ | : | ഡിസംബർ 15 |
| 10 | വാർഷിക പദ്ധതി സമർപ്പണം | : | ഡിസംബർ 17 |
| 11 | ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | ഡിസംബർ 31 |
| 12 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ/വാർഡ് സഭയുടെ അംഗീകാരത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറൽ | : | 2019 ജനുവരി 20 |
| 13 | അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | 2019 മാർച്ച് 15 |

13. പരാമർശം മൂന്ന് പ്രകാരമുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലുള്ള കൂട്ടിച്ചേർക്കലുകൾ പ്രത്യേകം ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പ്രളയത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിള പരിപാലനം, സംരക്ഷണം എന്നിവയുമായി രൂപരേഖ തയ്യാറാക്കുന്നതിനുമുള്ള ടീമുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

**സ.ഉ.(സാധാ)നം.930/2018/കൃഷി** **തീയതി, തിരുവനന്തപുരം, 14.09.2018**

പരാമർശം :- 1. 30.08.2018-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടത്തിയ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. കേരള കാർഷിക സർവകലാശാലയുടെ 29.08.2018, 13.09.2018 തീയതികളിലെ ആർ 1/65577/10 നമ്പർ ഉത്തരവുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുവാനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ അനുബന്ധ പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ടീമുകൾ പ്രളയാനന്തരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മണ്ണിനും പരിസ്ഥിതിക്കും സംഭവിച്ച മാറ്റം, വയനാട് ജില്ലയിൽ മണ്ണിരകൾ കൂട്ടത്തോടെ ചത്തുപൊങ്ങുന്നത്, തെങ്ങിന്റെ കൂമ്പ് ചീയൽ, കുരുമുളകിന്റെ ദ്രുതവാട്ടം, കവുങ്ങിന്റെ മഹാളി, ജാതി, മറ്റ് സുഗന്ധ വിളകൾക്കുണ്ടാകുന്ന അഴുകൽ, ഏലത്തിന്റെ മൂട് ചീയൽ, റബ്ബറിന്റെ ഇലകൊഴിച്ചിൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിളപരിപാലനത്തിനും വിള സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുന്നതും ഉൾപ്പെടെയുള്ളവ സംബന്ധിച്ച് ശുപാർശകൾ 10 ദിവസത്തിനകം നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മീര എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ്, തിരുവനന്തപുരം.

വൈസ് ചാൻസലർ, കാർഷിക സർവ്വകലാശാല.

ബന്ധപ്പെട്ട ടീം അംഗങ്ങൾക്ക് (കൃഷി വകുപ്പ് ഡയറക്ടർ/ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ/ കാർഷിക സർവ്വകലാശാല രജിസ്ട്രാർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്/വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

## Annexure

### 1. Thrissur

Team Leader : Dr. Prameela P., Associate Professor, Dept. of Agronomy, CoH, Vellanikkara
Convener : Dr. Prema A., Professor & Head, KVK, Thrissur

Team Members :

1. Dr. Resmi Vijayaraghavan, Asst. Professor, Dept. of Plant Pathology, CoH, Vellanikkara
2. Dr. Sindhu Mole P., Asst. Professor, (PB&G), CoH, Vellanikkara
3. Dr. Betty Bastin, Professor, Dept. of Soil Science and Agricultural Chemistry, CoH, Vellanikkara
4. Dr. Sainamol Kurien P., Asst.Professor (Plant Pathology) AICVIP, Vellanikkara
5. Dr. Gavas Ragesh, Asst. Professor ( Agricultural Entomology) BRS Kannara
6. Dr. Jyothy Bhaskar, Professor, Dept. of Fruit Science, CoH, Vellanikkara
7. Dr. Mini Raj N., Professor, Dept. of Plantation Crops & Spices, CoH, Vellanikkara
8. Dr. Madhu Subramanian, Associate Professor, Dept. of Agricultural Entomology, AICRP on BCCP, CoH, Vellanikkara
9. Dr. K.Krishnakumary, Professor, CoH, Vellanikkara
10. Principal Agricultural Officer, Thrissur
11. Project Director, ATMA, Thrissur
12. Asst. Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory, Thrissur
13. Abdul Hameed V., Assistant Director, Soil Survey, Thrissur

### 2. Palakkad / Malappuram

Team Leader : Dr. M.C. Narayankutty, ADR, RARS Pattambi
Convener : Dr. Habeebur Rahman, Professor & Programme Coordinator, KVK, Malappuram

Members :

1. Dr. Jyothy M.L., Professor, RARS, Pattambi
2. Dr. Ilangovan, Professor, RARS, Pattambi
3. Dr. Raji P., Professor (Plant Pathology), RARS, Pattambi
4. Dr. Thulasi V., Assistant Professor (Soil Science), RARS, Pattambi
5. Dr. Karthikeyan K., Professor, (Entomology), RARS, Pattambi
6. Dr. Sunil V.G., Assistant Professor (Agriculture Extension), KVK, Malappuram
7. Principal Agricultural Officer, Palakkad/Malappuram

9. Project Director, ATMA, Palakkad/Malappuram
10. Preethi P., Asst. Director. Soil Survey, Malappuram
11. Assistant Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory, Palakkad/Malappuram

### 3. Kozhikode / Wayanad

Team Leader : Dr. K.M. Sreekumar, Professor (Agicultural Entomology)
Convenor : Dr. P. Jayaraj, Programme Co-ordinator, KVK, Kannur

Team Members :

1. Dr. Neema V.P., Professor, PRS Panniyur
2. Dr. Ajith P.M., Asst.Professor (PB&G), AICRP on Spices, PRS, Panniyur

3. Dr. Meera Manjusha A.V., Asst.Professor, AICRP on Cashew, RARS, Pilicode
4. Dr. Namboothiri Raji Vasudevan, Asst.Professor (PB&G), CoA, Padannakkad
5. Dr. Yamini Varma C.K., Asst.Professor, Dept. of Plant Pathology, CoA, Padannakkad
6. Dr. P.V. Sindhu, Asst.Professor (Agronomy), AICRP on Medicinal & Aromatic Plants, Vellanikkara
7. Dr. Mini Sankar, Asst.Professor, Dept. of Floriculture & Landscaping, CoH, Vellanikkara
8. Dr. Ajithkumar K., Professor, Dept. of Fruit Science, CoH, Vellanikkara
9. Principal Agricultural Officer, Kozhikode/ Wayanad
10. Project Director, ATMA Kozhikode/Wayanad
11. Deepa C.B., Asst. Director. Soil Survey, Wayanad
12. Assistant Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory, Kozhikode/Wayanad

4. <u>Ernakulam</u>

Team Leader : Dr. Shaila Raj K., Professor & Head, RRS, Vyttila
Convenor : Dr. Jayalekshmi G., Programme Co-ordinator, KVK, Kottayam

Team Members :

1. Dr. Mini Abraham, Professor, Agronomy, AICRP on Water Management, ARS, Chalakkudy
2. Dr. Ancy Joseph, Professor, AMPRS, Odakkali
3. Dr. Gracy Mathew, Professor Agronomy, AMPRS, Odakkali
4. Dr. Deepa Thomas, Asst.Professor, RRS, Vyttila
5. Dr. Veena Vigneswaran, Asst.Professor (PB&G), RRS, Vyttila
6. Dr. Sreelatha A.K, Asst.Professor, RRS, Vyttila
7. Principal Agricultural Officer, Erriakulam
8. Project Director, ATMA, Ernakulam
9. Sheela P Nair, Asst. Director, Soil Survey, Ernakulam
10. Asst. Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory, Ernakulam

5. <u>Alappuzha / Kottayam</u>

Team Leader : Dr. Geetha K, Professor & Head, RARS, Kumarakom
Convener : Dr. Devi, Professor, Agronomy, KVK, Kottayam

Team Members :

1. Dr. Anu G Krishnan, Asst.Professor, RARS, Kumarakom
2. Dr. Vandana Venugopal, Professor (Agronomy), RARS, Kumarakom
3. Dr. Ajith K, Asst.Professor (Metereology), IMD Project, RARS, Kumarakom
4. Dr. Reena Mathew, Professor (Agronomy), RRS, Moncompu
5. Dr. Nimmy Jose, Asst.Professor (Agronomy), RRS, Moncompu
6. Dr. Surendran M, Associate.Professor (Plant Pathology), RRS, Moncompu
7. Dr. Suja G, Professor (Agricultural Entomology), ORARS, Kayamkulam
8. Dr. Mini V, Asst.Professor (SS & AC), FSRS, Sadanandapuram
9. Dr. Bindu M.R, Professor (PB & G), FSRS, Sadanandapuram
10. Principal Agricultural Officer, Alappuzha/ Kottayam
11. Project Director, ATMA, Alappuzha/ Kottayam
12. Chandramathi, Project Director, Moncompu
13. Smitha, Asst.Director, KCPM, Moncompu
14. Indu Bhasker, Asst.Director, Soil Survey, Alappuzha
15. Asst. Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory, Alappuzha/ Kottayam

6. **Idukki**

Team Leader : Dr. Murugan M, Professor & Head, CRS, Pamapadumpara
Convenor : Dr. Jalaja S Menon, Asst.Professor, CoH, Vellanikkara

Team Members :

1. Dr. Jacob John, Professor (Agronomy) IFSRC, AICRP on Cropping System, Karamana
2. Dr. Elsy C.R., Professor (PB&G), ARS, Mannuthy
3. Dr. Shanjan V.R., Professor (PB&G), ARS, Thiruvalla
4. Dr. Ambily Paul, Asst.Professor (Entomology), NARP SR, Vellayani
5. Dr. Sarada S, Asst.Professor (Horti), College of Agriculture, Vellayani
6. Dr. Berin Pathrose, Asst.Professor (Entomology), CoH, Vellanikkara
7. Dr. Dhanya M.K., Professor (PB&G), ARS, Mannuthy
8. Principal Agricultural Officer, Idukki
9. Project Director, ATMA, Idukki
10. George Joseph, Deputy Director, Idukki, Office of the PAO, Idukki
11. Ancy John, Chief Soil Chemist, Agriculture Department
12. Asst. Soil Chemist, District Soil Testing Laboratory/Mobile Soil Testing Laboratory
13. Muhammed Ashraf, Asst.Director, Soil Survey, Idukki